LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ ആയുർവേദ കോളേജിന്റെ നിലവാരം ഉയർത്തുന്നതിന് നടപടി

165 [1745] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വൈദ്യുതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ആയുർവേദ കോളേജിന്റെ നിലവാരം ഉയർത്തുന്നതിന് വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കണ്ണൂർ ആയുർവേദ കോളേജിന്റെ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ദ്രവ്യഗുണ, ശാലാക്യതന്ത്ര എന്നീ ഡിപ്പാർട്ട്മെന്റുകളിൽ ഓരോ പ്രൊഫസർ തസ്തിക 2003-ൽ പുതുതായി സൃഷ്ടിച്ചു. കണ്ണൂർ ആയുർവേദ കോളേജ് ആശുപത്രിയിൽ ആയുർവേദ നഴ്സിന്റെ 3 തസ്തികകളും മാസ്സിയറുടെ 2 തസ്തികകളും പുതുതായി സൃഷ്ടിച്ചു. പുതിയ ആശുപത്രി കെട്ടിടത്തിന്റെ പണി പൂർത്തിയായി വരുന്നു.

(ബി) കണ്ണൂർ ആയുർവേദ കോളേജിന്റേയും ആശുപത്രിയുടേയും വികസനത്തിനായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ആയുർവേദ മരുന്നുകളും തയ്യാറിപ്പുകളും കയറ്റുമതി ചെയ്യുന്ന സ്ഥാപനങ്ങൾ

166 [1746] ശ്രീ. ടി. എൻ. പ്രതാപൻ:
" ജി. പ്രതാപവർമ്മ തമ്പാൻ:
ശ്രീമതി രാധാരാഘവൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു നിന്ന് ആയുർവേദ മരുന്നുകളും തയ്യാറിപ്പുകളും (പ്രിപ്പറേഷൻസ്) കയറ്റുമതി ചെയ്യുന്ന എത്ര സ്ഥാപനങ്ങളുണ്ട്;

(ബി) കഴിഞ്ഞ വർഷം സംസ്ഥാനത്തുനിന്ന് എന്തു തുകയ്ക്കുള്ള ആയുർവേദ മരുന്നുകളും തയ്യാറിപ്പുകളും കയറ്റി അയച്ചു;

(സി) ഇവ നിർമ്മിക്കുന്ന പൊതുമേഖലാ സ്ഥാപനം നിലവിലുണ്ടോ;

(ഡി) എങ്കിൽ ഇവ കയറ്റുമതി ചെയ്യുന്ന കാര്യം പ്രസ്തുത പൊതുമേഖലാ സ്ഥാപനം പരിഗണിച്ചിട്ടുണ്ടോ?